**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2689** **13-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി കുടുംബങ്ങളിലെ വിദ്യാർത്ഥികളുടെ വീടിനോടൊപ്പം പഠനമുറി നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | പട്ടികജാതി കുടുംബങ്ങളിലെ വിദ്യാർത്ഥികളുടെ നിലവിലുള്ള വീടിനോടൊപ്പം പഠനമുറി നിർമ്മിക്കുന്നതിന് ഉള്ള പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗവൺമെന്റ്/ എയ്ഡഡ്/ സ്പെഷ്യൽ/ ടെക്നിക്കൽ സ്കൂളുകളിൽ 8 മുതൽ 12-ാം ക്ലാസ്സുകളിൽ വരെ പഠിക്കുന്ന 800 ചതുരശ്ര അടിയിൽ താഴെ വിസ്തീർണ്ണമുള്ള വാസയോഗ്യമായ വീടുകളിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്ക് പഠനസൗകര്യം ഒരുക്കുന്നതിനായി 120 ചതുരശ്ര അടി വിസ്തൃതിയുള്ള പഠനമുറി അനുബന്ധ സൗകര്യങ്ങളോടെ നിർമ്മിക്കുന്നതിന് കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപവരെയുള്ളവർക്ക് 2 ലക്ഷം രൂപ ധനസഹായം നൽകുന്നു. ഗ്രാമസഭാ/വാർഡ് സഭാ ലിസ്റ്റിൽ നിന്നുമാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. നിർമ്മാണ പുരോഗതിയ്ക്കനുസരിച്ച് 4 ഗഡുക്കളായി ധനസഹായം ബാങ്ക് അക്കൗണ്ട് വഴി നൽകുന്നു. |
| (ബി) | കേന്ദ്രസർക്കാരിന്റെ കീഴിലുള്ള സെൻട്രൽ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ഇതിന്റെ ആനുകൂല്യം ലഭ്യമാണോ; ഇല്ലെങ്കിൽ ആനുകൂല്യം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) | കേന്ദ്രസർക്കാരിന്റെ കീഴിലുള്ള സെൻട്രൽ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ഈ ആനുകൂല്യം ലഭ്യമല്ല. ഇത് സംബന്ധിച്ച പ്രൊപ്പോസലുകളൊന്നും തന്നെ നിലവിൽ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ